# Weekly Thoughts of November-2015

## Week-1

## Work without hope of reward

(പ്രതിഫലേച്ഛ ഇല്ലാത്ത പ്രവർത്തി)




പണ്ട് സുലഭമായും ഇന്ന് വിരളമായും കണ്ടുവരുന്ന ഒരു നല്ല സ്വഭാവമാണ് മറ്റുള്ളവരെ ആവശ്യഘട്ടങ്ങളിൽ സഹായിക്കുക എന്നത്. നന്മ പ്രവർത്തിക്കുന്നവന് മഹത്വവും, മാനവും,സമാധാനവും ലഭിക്കുമ്പോൾ, തിന്മ പ്രവർത്തിക്കുന്നവന് കഷ്ടവും സങ്കടവും വരും എന്ന് ദൈവവചനം വ്യക്തമാക്കുന്നു. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചശേഷം നടന്ന ഒരു സംഭവം വായിച്ചത് രേഖപ്പെടുത്തുന്നു. C.S.I സഭയുടെ ആദ്യബിഷപ്പ് , ഇംഗ്ലണ്ടിൽ ആയിരുന്ന കാലത്ത് ഒരു സ്ത്രീ തന്റെ പെട്ടി ട്രെയിനിൽ കയറ്റുവാൻ വളരെ പ്രയാസപ്പെടുന്നത് കണ്ടപ്പോൾ അദ്ദേഹം ചെന്ന് സഹായിച്ചു. ഇതിനുള്ള നന്ദി രേഖപ്പെടുത്തിയശേഷം പ്രസ്തുത സ്ത്രീ അദ്ദേഹത്തോട് , ദയവായി അങ്ങയുടെ പേർ ഒന്ന് പറയുമോ എന്ന് ചോദിച്ചു. ഇതിന്റെ മറുപടിയായി 'ബിഷപ്പ് സി.കെ ജേക്കബ്' എന്ന് ശാന്തമായി പറഞ്ഞ

അദ്ദേഹത്തെ അതിശയത്തോടെയാണ് ആ സ്ത്രീ നോക്കിയത്. ഏതാനും ആഴ്ചകൾക്കുശേഷം ബിഷപ്പ് സി.കെ ജേക്കബ്, ഇന്ത്യ എന്ന് മാത്രം മേൽവിലാസം എഴുതിയ ഒരു കവർ അദ്ദേഹത്തിന് ലഭിച്ചു. ഇരുനൂറ് പവൻ സംഭാവനയായി ആ കവറിൽ ഉണ്ടായിരുന്നു. ഈ സംഭാവനകൊണ്ട് പണിതതാണ് പള്ളം സി.എസ്സ്.ഐ പള്ളി.

മറ്റുള്ളവർക്ക് ചെയ്യുന്ന , പ്രതിപലേച്ഛ ഇല്ലാത്ത പ്രവർത്തിക്ക് പ്രതിഫലം തരുന്നത് യഹോവയാണ്. ദാവീദ് രാജാവ് തന്റെ മകനായ അബ്ശാലോമിനെ പേടിച്ച് ഓടി എത്തിയത് മഹനയീമിൽ ആയിരുന്നു. അവിടെയുള്ള ഗിലെയാദ്യൻ ബർസില്ലയും കൂട്ടരും കിടക്കകൾ , മൺപാത്രങ്ങൾ, ഗോതമ്പ്, പയർ, പരിപ്പ്, തേൻ, പാൽ ഇവ നൽകി ദാവീദിനെയും കൂട്ടരേയും സംരക്ഷിച്ചിരുന്നു. (2 ശമു:17:27-28)




ബർസില്ലായി ധനികനായ ഒരു വൃദ്ധനും, ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്ന ഒരു നല്ല വ്യക്തിയുമായിരുന്നു. അബ്ശാലോമിന്റെ മരണശേഷം കൊട്ടാരത്തിലേക്ക് മടങ്ങിയ രാജാവ് തന്നെ യാത്ര അയയ്ക്കുവാൻ വന്ന ബർസില്ലായിയോട്, എന്നോടുകൂടെ പോരിക, ഞാൻ നിന്നെ യെരുശലേമിൽ എന്നോടുകൂടെ പാർപ്പിച്ച് രക്ഷിക്കും എന്ന് പറഞ്ഞു. ഈ സ്നേഹമായിരുന്നു ബർസില്ലായിയുടെ പ്രവർത്തിക്ക് ദാവീദിന്റെ പ്രതിഫലം .എന്നാൽ സന്തോഷത്തോടും അങ്ങേയറ്റം ബഹുമാനത്തോടും

അദ്ദേഹം ആ ക്ഷണം വേണ്ടായെന്ന് വയ്ക്കുകയും തന്റെ ദാസനായ കിംഹാമിനെ രാജകൊട്ടാരത്തിലേക്ക് വിടുകയും ചെയ്തു. (2 ശമു:19:33-38). ബർസില്ലായിയുടെ നല്ല മനസ്സാണ് കിംഹാമിനെ കൊട്ടാരത്തിലേക്കയച്ചത്. ബർസില്ലായിക്ക് പകരം ദാസനെ സ്വീകരിപ്പാൻ മനസ്സുകാട്ടിയ ദാവീദിന്റെ പ്രവർത്തിയും പ്രശംസനീയമാണ്. കിംഹാം, തന്റെ യജമാനനോട് വിശ്വസ്തത കാട്ടിയ നല്ല ദാസനാണ്. സ്വന്തമായിട്ട് അവന് ഇച്ഛകൾ ഒന്നും ഇല്ലാത്തവനായി യജമാനനെ സേവിച്ചതിനാലാണ് ഈ അനുഗ്രഹം ലഭ്യമായത്.

പ്രീയരേ! നാം നമ്മുടെ യജമാനനോട് വിശ്വസ്തരാണോ? പ്രതിഫലേച്ഛ ഇല്ലാതെ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുക, സഹായിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പ്രാർത്ഥന

തന്റെ കൈകളുടെ പ്രവർത്തിക്കു തക്കവണ്ണം അവന് കിട്ടും എന്നരുളിയ കർത്താവേ! പ്രതിഫലേച്ഛ ഇല്ലാതെ മറ്റുള്ളവരെ സഹായിപ്പാൻ പഠിപ്പിച്ചതിനായി സ്തോത്രം. നല്ലവനും വിശ്വസ്തനുമായ ദാസനുള്ള പ്രതിഫലം വാങ്ങുവാൻ കൃപചെയ്യേണമേ,

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind